ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 19.08.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1). **കൊൽക്കത്തയിലെ ആർജി കർ മെഡിക്കൽ കോളജ് ആശുപത്രിയിൽ വനിതാ ഡോക്ടറെ കൊലപ്പെടുത്തിയ സംഭവത്തിൽ സുപ്രീം കോടതി സ്വമേധയാ കേസെടുത്തു.**

Supreme Court takes suo motu cognizance of Kolkata doctor's rape and murder case

2) **വിദേശകാര്യമന്ത്രി എസ്. ജയ്ശങ്കർ നേപ്പാൾ വിദേശകാര്യമന്ത്രിയുമായി ഇന്ന് ന്യൂഡൽഹിയിൽ ചർച്ച നടത്തും.**

External Affairs Minister S Jaishankar will hold talks with his Nepalese counterpart Arzu Rana Deuba in New Delhi today.

3) **വിവിധ രാജ്യങ്ങളിൽ കുരങ്ങുപനി വ്യാപിക്കുന്ന പശ്ചാത്തലത്തിൽ രോഗ നിരീക്ഷണം കാര്യക്ഷമമാക്കാൻ ഫലപ്രദമായ നടപടികൾ കൈക്കൊള്ളുണമെന്ന് സംസ്ഥാനങ്ങളോട് നിർദ്ദേശിച്ച് കേന്ദ്രം.**

Centre directed states to enhance surveillance and take effective measures for prompt detection of mpox cases.

4) **കേരളത്തിൽ ഓണം ഖാദി മേളയ്ക്ക് ഇന്ന് തുടക്കം. മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം നിർവഹിക്കും.**

In Kerala, Onam Khadi fest to begin today; CM Pinarayi Vijayan will inaugurate the fest in Thiruvananthapuram.

5) **സഹോദര ബന്ധത്തിൻറെ മഹത്വം വിളിച്ചോതി ഇന്ന് രക്ഷാബന്ധൻ. ആശംസകൾ നേർന്ന് രാഷ്ട്രപതി ദ്രൗപദി മുർമു ഉൾപ്പെടെ പ്രമുഖർ.**

**Raksha Bandhan, the festival of special bond between brothers and sisters, is being celebrated today across the country.. President Droupadi Murmu and other eminent personalities conveyed wishes to the people.**

*************************************************

## SC-KOLKATA DOC CASE

കൊൽക്കത്തയിലെ ആർജി കർ മെഡിക്കൽ കോളജ് ആശുപത്രിയിൽ വനിതാ ഡോക്ടറെ ബലാംത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിൽ സുപ്രീം കോടതി സ്വമേധയാ കേസെടുത്തു. കേസിൽ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ വിശദീകരണം നൽകണം. ചീഫ് ജസ്റ്റീസ് ഡി.വൈ.ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് ചൊവ്വാഴ്ച കേസ് പരിഗണിക്കും. ഈ മാസം ഒമ്പതിനാണ് കേസിന് ആസ്പദമായ സംഭവം. അതേസമയം ആരോഗ്യ പ്രവർത്തകരുടെ സുരക്ഷ സംബന്ധിച്ച ആവശ്യങ്ങൾ സർക്കാർ അടിയന്തിര പ്രധാന്യത്തോടെ പരിഗണിക്കാത്തതിൽ പ്രതിഷേധിച്ച് രാജ്യവ്യാപകമായി നടത്തുന്ന സമരം ഇന്നും തുടരുമെന്ന് ഡോക്ടർമാരുടെ സംഘടന അറിയിച്ചു.

*************************************************

## NEPAL FM-VISIT

വിദേശകാര്യമന്ത്രി എസ്. ജയ്ശങ്കർ നേപ്പാൾ വിദേശകാര്യമന്ത്രി അർസു റാണ ദേവുബയുമായി ഇന്ന് ന്യൂഡൽഹിയിൽ ചർച്ച നടത്തും. അഞ്ച് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി ദേവൂബ ഇന്നലെയാണ് ഡൽഹിയിലെത്തിയത്. 'അയല്പക്കം ആദ്യം' എന്ന നയത്തിൽ ഇന്ത്യയുടെ പ്രധാന പങ്കാളിയാണ് നേപ്പാളെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഉഭയകക്ഷി സഹകരണത്തിലെ പുരോഗതി ചർച്ച ചെയ്യാനും അവലോകനം ചെയ്യാനും ഈ സന്ദർശനം ഇരുപക്ഷത്തിനും അവസരം

നൽകുമെന്നും ബന്ധം മെച്ചപ്പെട്ട രീതിയിൽ മുന്നോട്ട്
കൊണ്ടുപോകാൻ സഹായിക്കുമെന്നും മന്ത്രാലയം അറിയിച്ചു.
***********************************************

## EVE JAISHANKAR - KUWAIT

ഇന്ത്യ-കുവൈറ്റ് പങ്കാളിത്തം മികച്ച രീതിയിൽ മുന്നോട്ട് പോകുന്നതായി വിദേശകാര്യമന്ത്രി എസ് ജയ് ശങ്കർ. ഔദ്യോഗിക സന്ദർശനത്തിനായി കുവൈത്തിലെത്തിയ വിദേശകാര്യ മന്ത്രി എസ് ജയശങ്കർ, കുവൈറ്റ് കിരീടാവകാശി ഷെയ്ഖ് സബാഹ് അൽ ഖാലിദ് അസ്സബാഹ് അൽ ഹംദ് അൽ മുബാറക്കുമായി ചർച്ച നടത്തി. നൂറ്റാണ്ടുകളുടെ സൗഹൃദ ബന്ധമാണ് ഇന്ത്യയും കുവൈത്തും പങ്കിടുന്നതെന്ന് ശ്രീ ജയ് ശങ്കർ സമൂഹ മാധ്യമത്തിൽ കുറിച്ചു.
***********************************************

## CENTRE - MPOX REVIEW

വിവിധ രാജ്യങ്ങളിൽ കുരങ്ങുപനി വ്യാപിക്കുന്ന പശ്ചാത്തലത്തിൽ രോഗ നിരീക്ഷണം വർദ്ധിപ്പിക്കാനും കേസുകൾ വേഗത്തിൽ കണ്ടെത്തുന്നതിന് ഫലപ്രദമായ നടപടികൾ കൈക്കൊള്ളാനും കേന്ദ്രം സംസ്ഥാനങ്ങളോട് നിർദ്ദേശിച്ചു. പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി പി.കെ.മിശ്ര അധ്യക്ഷതയിൽ ഇന്നലെ ചേർന്ന ഉന്നതതല യോഗത്തിൽ രാജ്യത്തു കുരങ്ങുപനിയെ പ്രതിരോധിക്കുന്നതിനുള്ള തയ്യാറെടുപ്പിന്റെ സ്ഥിതിയും അനുബന്ധ പൊതുജനാരോഗ്യ നടപടികളും അവലോകനം ചെയ്തു. പ്രധാനമന്ത്രി നരേന്ദ്ര മോദി സ്ഥിതിഗതികൾ നിരന്തരം നിരീക്ഷിച്ചു വരികയാണെന്നും അദ്ദേഹം പറഞ്ഞു. രോഗനിർണയത്തിനായി നിലവിൽ 32 ലാബുകൾ പരിശോധനയ്ക്കായി സജ്ജീകരിച്ചിട്ടുണ്ട്. നിലവിൽ രാജ്യത്ത് കുരങ്ങുപനി കേസുകൾ റിപ്പോർട്ട്

ചെയ്തിട്ടില്ലെന്ന് യോഗത്തിൽ ഡോ.മിശ്ര വിശദീകരിച്ചു. ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച്, ആഗോളതലത്തിൽ 2022 മുതൽ 116 രാജ്യങ്ങളിൽ നിന്ന് തൊണ്ണൂറ്റി ഒൻപതിനായിരത്തിലധികം കേസുകളും 208 മരണവും കുരങ്ങുപനി കാരണം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

***********************************************

**REV MALAYSIA PM - INDIA**

മലേഷ്യൻ പ്രധാനമന്ത്രി അൻവർ ബിൻ ഇബ്രാഹിം മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഇന്ത്യയിലെത്തും. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ഉഭയകക്ഷി ചർച്ച നടത്തുന്ന അദ്ദേഹം രാഷ്ട്രപതി ദ്രൗപദി മുർമു, വിദേശകാര്യ മന്ത്രി എന്നിവരുമായും കൂടിക്കാഴ്ച നടത്തും. മലേഷ്യൻ പ്രധാനമന്ത്രിയുടെ സന്ദർശനം ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് വഴിയൊരുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി.

***********************************************

**INDIA-JAPAN 2+2**

ഇന്ത്യ - ജപ്പാൻ 2+2 വിദേശ - പ്രതിരോധ മന്ത്രിമാരുടെ യോഗത്തിൻറെ മൂന്നാം ഘട്ട കൂടിക്കാഴ്ച, നാളെ ഡൽഹിയിൽ നടക്കുമെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ അറിയിച്ചു. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗും വിദേശകാര്യ മന്ത്രി എസ് ജയ് ശങ്കറും ഇന്ത്യയെ പ്രതിനിധീകരിക്കും.

***********************************************

**FSSAI - FOOD**

ഭക്ഷ്യ ഉത്പന്നങ്ങളിലെ മൈക്രോ പ്ലാസ്റ്റിക് സാന്നിധ്യം ഉയർത്തുന്ന ആശങ്ക പരിഹരിക്കുന്നതിനായി നൂതന പദ്ധതിക്ക് തുടക്കമിട്ട് ഫുഡ് സേഫ്റ്റി ആൻറ് സ്റ്റാൻഡേർഡ് അതോറിറ്റി

ഓഫ് ഇന്ത്യ. വിവിധ ഭക്ഷ്യവസ്തുക്കളിൽ മൈക്രോ- നാനോ പ്ലാസ്റ്റിക്കിൻറെ സാന്നിധ്യം തിരിച്ചറിയുന്നതിനായാണ് പദ്ധതി. മൈക്രോപ്ലാസ്റ്റിക് മലിനീകരണത്തിൻറെ വ്യാപ്തി മനസ്സിലാക്കാനും പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനുള്ള ഫലപ്രദമായ നിയന്ത്രണങ്ങളും സുരക്ഷാ മാനദണ്ഡങ്ങളും രൂപപ്പെടുത്താനും പദ്ധതി സഹായിക്കുമെന്ന് ഭക്ഷ്യസുരക്ഷാ അതോറിറ്റി അറിയിച്ചു. നേരത്തെ, രാജ്യത്തെ ഉപ്പ്, പഞ്ചസാര ബ്രാൻഡുകളിൽ മൈക്രോപ്ലാസ്റ്റിക്കിൻറെ സാന്നിധ്യം കണ്ടെത്തിയതായി ഭക്ഷ്യ-കാർഷിക സംഘടന റിപ്പോർട്ട് ചെയ്തിരുന്നു.

*************************************************

**ONAM –KHADI – CM**

കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഓണം ഖാദി മേളയുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് വൈകുന്നേരം തിരുവനന്തപുരത്തെ അയ്യങ്കാളി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ധനകാര്യമന്ത്രി കെ.എൻ. ബാലഗോപാൽ അധ്യക്ഷത വഹിക്കും. യോഗത്തിൽ ഖാദി ബോർഡ് വൈസ് ചെയർമാൻ പി.ജയരാജൻ പങ്കെടുക്കും.

*************************************************

**RAKSHA BANDHAN – (INTRO)**

സഹോദര ബന്ധത്തിൻറെ മഹത്വം വിളിച്ചോതി രാജ്യത്തുടനീളം ഇന്ന് രക്ഷാബന്ധൻ ആഘോഷിക്കുന്നു. രക്ഷാബന്ധൻ ദിനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു ഉൾപ്പെടെയുള്ള പ്രമുഖർ ജനങ്ങൾക്ക് ആശംസകൾ നേർന്നു. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുമായി രാഷ്ട്രപതി ഇന്ന് ന്യൂഡൽഹിയിൽ സംവദിക്കും.

**വിശദാംശങ്ങളിലേക്ക്.......**

## (VOICE……)

ശ്രാവണ മാസത്തിലെ ശുക്ല പക്ഷത്തിലെ പൗർണമി നാളിലാണ് രക്ഷാ ബന്ധൻ ആഘോഷിക്കുന്നത്. സഹോദര ബന്ധത്തിൻറെയും സഹോദരതുല്യമായ സ്നേഹത്തിൻറെയും മഹത്വം വാഴ്ത്തുന്ന ദിവസമാണിത്. ഇന്നേ ദിവസം സഹോദരിമാർ തങ്ങളുടെ സഹോദരന്മാരുടെ കൈത്തണ്ടയിൽ രാഖി കെട്ടുകയും അവരുടെ ദീർഘായുസ്സിനും ക്ഷേമത്തിനും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. സഹോദരന്മാർ തങ്ങളുടെ സഹോദരിമാരെ സംരക്ഷിക്കുമെന്നും പിന്തുണയ്ക്കുമെന്നും പ്രതിജ്ഞയെടുക്കുകയും അവർക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്യും. ആഘോഷങ്ങളോടനുബന്ധിച്ച് രാഖി കച്ചവടവും വിപണിയിൽ തകൃതിയായി നടക്കുകയാണ്. ഉത്തരേന്ത്യയിൽ ഇന്നലെ തന്നെ ആഘോഷങ്ങൾ ആരംഭിച്ചു.

സഹോദരീ സഹോദരന്മാർ തമ്മിലുള്ള സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും അതുല്യമായ ബന്ധത്തിന്റെ ആഘോഷമാണ് രക്ഷാ ബന്ധനെന്നും സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള ദൃഢനിശ്ചയത്തെ ഈ ഉത്സവം ശക്തിപ്പെടുത്തുന്നുവെന്നും ശ്രീമതി ദ്രൗപദി മുർമു ആശംസാ സന്ദേശത്തിൽ കുറിച്ചു.

ന്യൂസ് ഡെസ്ക്, ആകാശവാണി.....

*************************************************

## SANSKRIT DAY

ഇന്ന് ലോക സംസ്കൃത ദിനം. സംസ്കൃത ഭാഷയെ പ്രോത്സാഹിപ്പിക്കുകയും അതിൻറെ ചരിത്രപരവും സാംസ്കാരികവും ബൗദ്ധികവുമായ മൂല്യം ഉയർത്തികാട്ടുകയും ചെയ്യുക എന്നതാണ് ദിനാചരണത്തിൻറെ ലക്ഷ്യം. പരിപാലനം, പുനരുജ്ജീവനം എന്നിവയിലൂടെ സംസ്കൃതത്തെ വരും തലമുറയ്ക്കായി സംരക്ഷിക്കേണ്ടതിൻറെ പ്രാധാന്യത്തെക്കുറിച്ചും

ദിനം ഓർമ്മപ്പെടുത്തുന്നു. പ്രഭാഷണങ്ങൾ ഉൾപ്പെടെ നിരവധി പരിപാടികളാണ് സംസ്കൃത ദിനത്തിൽ രാജ്യത്തുടനീളം സംഘടിപ്പിച്ചിട്ടുള്ളത്.
**************************************************

## FINANCE MINISTER

പൊതുമേഖലാ ബാങ്കുകളുടെ പ്രകടനം വിലയിരുത്തുന്നതിനായി കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ ഇന്ന് അവലോകന യോഗം നടത്തും. ജൂലൈ 23 ന് മൂന്നാം മോദി സർക്കാരിന്റെ ആദ്യ ബജറ്റ് അവതരിപ്പിച്ചതിന് ശേഷമുള്ള ആദ്യ അവലോകന യോഗമാണിത്. സർക്കാർ പദ്ധതികളുടെ ഫലപ്രാപ്തി ,ധനകാര്യ സ്ഥാപനങ്ങളുടെ വളർച്ച ഉൾപ്പെടയുള്ളവ ഉറപ്പാക്കാനും ഈ യോഗം ലക്ഷ്യമിടുന്നു.
**************************************************

## BADMINTON – JUNIOR CHAMPIONSHIPS

ഈ വർഷത്തെ ബാഡ്മിൻറൺ ഏഷ്യ ജൂനിയർ ചാമ്പ്യൻഷിപ്പ് നാളെ ആരംഭിക്കും. ചൈനയിലെ ചെങ്ഡുവിലാണ് മത്സരങ്ങൾ. 15, 17 വയസ്സിന് താഴെ പ്രായമുള്ളവരുടെ വിഭാഗങ്ങളിലാണ് ചാമ്പ്യൻഷിപ്പ്. ഇന്ത്യയിൽ നിന്ന് 39 കായിക താരങ്ങളാണ് ഇത്തവണ മത്സരത്തിൽ പങ്കെടുക്കുന്നത്. അടുത്തവർഷം ചാമ്പ്യൻഷിപ്പിന് ആതിഥേയത്വം വഹിക്കുന്നത് ഇന്ത്യയാണ്.
**************************************************

## FOOTBALL FAN – PROTESTS

കൊൽക്കത്തയിലെ സാൾട്ട്ലേക്ക് സ്റ്റേഡിയത്തിൽ ഇന്നലെ നടക്കേണ്ടിയിരുന്ന മോഹൻ ബഗാനും ഈസ്റ്റ് ബംഗാളും തമ്മിലുള്ള ഡുറാൻഡ് കപ്പ് മത്സരം റദ്ദാക്കി. RG കർ മെഡിക്കൽ കോളേജ് ഡോക്ടറുടെ കൊലപാതകത്തിൽ പ്രതിഷേധിച്ച് ഫുട്ബോൾ ക്ലബ്ബുകളായ മോഹൻ ബഗാൻ, ഈസ്റ്റ് ബംഗാൾ, മുഹമ്മദൻ സ്പോർട്ടിംഗ് എന്നിവയുടെ ആയിരക്കണക്കിന്

ആരാധകർ സ്റ്റേഡിയത്തിന് പുറത്തു പ്രതിഷേധ മാർച്ച് നടത്തി. സുരക്ഷാ ആശങ്കകൾ കണക്കിലെടുത്താണ് ഭരണകൂടം മത്സരം റദ്ദാക്കിയത്.

************************************************

## WORLD HUMANITARIAN DAY

മറ്റുള്ളവരെ സഹായിക്കാൻ ജീവിതം സമർപ്പിച്ച മാനുഷിക പ്രവർത്തകരുടെ സ്മരണയ്ക്കായി ഇന്ന് ലോക മാനുഷിക ദിനം ആചരിക്കുന്നു.പ്രതിസന്ധി ഘട്ടങ്ങളിൽ മറ്റുള്ളവരെ സഹായിക്കാൻ ജീവൻ പണയപ്പെടുത്തുന്നവരെ ആദരിക്കുന്നതിനും അവരുടെ ധൈര്യത്തെയും അർപ്പണബോധത്തെയും അഭിവാദ്യം ചെയ്യുന്നതിനും വേണ്ടിയാണ് ദിനം ആചരിക്കുന്നത്.

************************************************

## WAYANAD – SEARCH

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ചാലിയാർ പുഴയുടെ തീരത്ത് ഇന്നും തിരച്ചിൽ തുടരും. മുണ്ടേരി, ഇരുട്ടുകുത്തി, അമ്പിട്ടാംപൊട്ടി, പനങ്കയം, മച്ചിക്കൈ പ്രദേശത്താണ് ഇന്നലെ തിരച്ചിൽ നടത്തിയത്. പൊലീസ്, എമർജൻസി റസ്ക്യൂ ഫോഴ്സ് തുടങ്ങിയവരുടെ നേതൃത്വത്തിലാണ് തിരച്ചിൽ നടത്തിയത്.

************************************************

## IMD – ORANGE ALERT

പശ്ചിമ ബംഗാൾ, നാഗാലാൻഡ്, മണിപ്പൂർ, മിസോറാം, ത്രിപുര എന്നിവിടങ്ങളിൽ ഇന്ന് കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഈ പ്രദേശങ്ങളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. ബീഹാർ, ഛത്തീസ്ഗഢ്, ദക്ഷിണേന്ത്യൻ മേഖല എന്നിവിടങ്ങളിൽ കനത്തതോ അതിശക്തമായതോ ആയ മഴക്ക് സാധ്യതയെന്ന്

കേന്ദ്ര കാലാവസ്ഥാ വകുപ്പ് ശാസ്ത്രജ്ഞൻ ഡോ.നരേഷ് കുമാർ ന്യൂഡൽഹിയിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു.

**********************************************

## BANGLADESH – ELECTION

ബംഗ്ലാദേശിൽ സ്വതന്ത്രവും നീതിപൂർവകവുമായ തിരഞ്ഞെടുപ്പ് ഉടൻ നടത്തുമെന്ന് ബംഗ്ലാദേശ് ഇടക്കാല സർക്കാരിന്റെ മുഖ്യ ഉപദേഷ്ടാവ് മുഹമ്മദ് യൂനുസ് പറഞ്ഞു. തിരഞ്ഞെടുപ്പ് കമ്മീഷൻ, നീതിന്യായം, പൊതുഭരണം , സുരക്ഷാ സേന എന്നിവയിൽ സുപ്രധാന പരിഷ്കാരങ്ങൾ നടപ്പിലാക്കിയ ശേഷമായിരിക്കും തിരഞ്ഞെടുപ്പ് നടത്തുകയെന്ന് ധാക്കയിൽ നയതന്ത്രജ്ഞരുമായി നടത്തിയ കൂടിക്കാഴ്ചയിൽ മുഹമ്മദ് യൂനുസ് പറഞ്ഞു. ക്രമസമാധാന നില നിയന്ത്രണവിധേയമാക്കുന്നതിനാണ് ഇടക്കാല സർക്കാരിന്റെ പ്രഥമ പരിഗണനയെന്ന് യൂനസ് പറഞ്ഞു.

**********************************************

## GAZA CEASEFIRE TALKS

ഗസ മുനമ്പിലെ വെടിനിർത്തൽ കരാർ സംബന്ധിച്ചുള്ള ചർച്ച ബുധനാഴ്ച കെയ്റോയിൽ പുനരാരംഭിക്കും. ഈജിപ്റ്റ്, ഖത്തർ, യു.എസ് എന്നീ മധ്യസ്ഥ രാജങ്ങളുടെ പ്രതിനിധികളും ഇസ്രായേൽ പ്രതിനിധികളും ചർച്ചകളിൽ പങ്കെടുക്കും. ഖത്തറിലെ ദോഹയിൽ നടന്ന ചർച്ചകളുടെ തുടർച്ചയാണിത്. കഴിഞ്ഞ വർഷം ഒക്ടോബർ 7 മുതൽ ഗസയിൽ നടന്നുകൊണ്ടിരിക്കുന്ന ഇസ്രായേൽ- ഹമാസ് സൈനിക നടപടികളിൽ ഇതുവരെ 40,000 പേർ കൊല്ലപ്പെട്ടതായാണ് റിപ്പോർട്ട്.

**********************************************

## UP ACCIDENT

ഉത്തർപ്രദേശിലെ ബുലന്ദ്ഷഹർ ജില്ലയിൽ ഉണ്ടായ വാഹന അപകടത്തിൽ 10 പേർ മരിച്ചു. 37 പേർക്ക് പരിക്കേറ്റു. ഇവരിൽ 4 പേരുടെ നില ഗുരുതരമാണ്. സേലംപൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ ബസും പിക്കപ്പും കൂട്ടിയിടിച്ചാണ് അപകടം. പരിക്കേറ്റവർക്ക് അടിയന്തര ചികിത്സ നൽകാൻ മുഖ്യമന്ത്രി യോഗി ആദിത്യനാഥ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. രക്ഷാബന്ധൻ ഉത്സവത്തിന് പോയവരാണ് അപകടത്തിൽപ്പെട്ടത്.

*******

*********************

*************************************************